# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.788** **09.08.2017-ൽ മറുപടിയ്ക്ക്**

### <u>ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിന് ഫണ്ട്</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കൃഷ്ണൻകുട്ടി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) | ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിന് മൊത്തം എത്ര രൂപയാണ് ഫണ്ട് അനുവദിച്ചത്; ഏത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് ഇതിനുള്ള തുക വകയിരുത്തിയത്; | (എ) | ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിനായി നാല് കോടി രൂപ 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച ഭരണാനുമതി യുടെയും സാങ്കേതികാനുമതിയുടെ യും കോപ്പി ലഭ്യമാക്കാമോ; | (ബി) | ഇതിന്റെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കു ന്നത് എന്നറിയിക്കാമോ? | (സി) | ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ ജോലികൾ 2017 ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ-2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.380/2017/സി.എൽ.എ.ഡി തിരുവനന്തപുരം, തീയതി, 08/06/2017.

---

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.05 2017 ലെ 4394/എ 1/2016 കെ എസ് എഫ് ഡി സി/1046 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4202-04-190-99 (P) ശീർഷകത്തിൽ 4,00,00,000/- (നാലുകോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ചിറ്റൂർ കൈരളി/ശ്രീ തീയേറ്റർ കോംപ്ലക്സ് നവീകരിക്കുന്നതിനായി 4,09,34,503/-രൂപ (നാല് കോടി ഒൻപത് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി മൂന്ന് രൂപ) യുടെ പ്രൊപ്പോസലിന് ഭരണാനുമതി, പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

പ്രസ്തുത പ്രൊപ്പോസൽ 30.05.2017-ന് സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 4,00,00,000/-(നാലു കോടി രൂപ മാത്രം) രൂപയ്ക്കുള്ളിൽ ചെലവ് ക്രമീകരിക്കണം എന്ന നിബന്ധനയിൽ ചിറ്റൂർ കൈരളി/ശ്രീ തീയേറ്റർ കോംപ്ലക്സ് നവീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സജിനി.എസ്
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്ലാനിംഗ് ബോർഡ് ചീഫ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാംസ്കാരിക (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ